"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ തവിഞ്ഞാൽ വില്ലേജിലെ മക്കിമല പ്രദേശത്തെ 68/1 ബി, 90/pt എന്നീ സർവ്വെ നമ്പറുകളിലെ അർഹരായ കൈവശക്കാർക്ക് പട്ടയം ലഭ്യമാക്കാൻ വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എൽ) വകുപ്പ്

സ.ഉ.(കൈ) നം.143/2025/RD തീയതി,തിരുവനന്തപുരം, 26-05-2025

പരാമർശം:-
1. വയനാട് ജില്ലാ കളക്ടറുടെ 04.03.2023, 07.12.2024-ലെ DCWYD/16009/2018/L6 നമ്പർ കത്തുകൾ.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 10.03.2023, 16.10.2024 തീയതികളിലെ LR/1840/2021-LR(J12) നമ്പർ കത്തുകൾ.
3. മാനന്തവാടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസറുടെ 11.03.2023 തീയതിയിലെ TDO/M4/249/2023/MVD നമ്പർ കത്ത്.

ഉത്തരവ്

വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ തവിഞ്ഞാൽ വില്ലേജിലെ മക്കിമല പ്രദേശത്തെ സർവ്വെ നമ്പർ 68/1 ബി-യിൽ 662.65 ഏക്കർ, സർവ്വെ നമ്പർ 90/pt-യിൽ 327.47 ഏക്കർ സർക്കാർ ഭൂമി യഥാക്രമം 251 പേർക്കും 140 പേർക്കുമായി ആകെ 391 പേർക്കായി 1964-'71 കാലഘട്ടത്തിൽ പതിച്ച് നൽകിയിരുന്നു. ഇതിൽ സർവ്വേ നമ്പർ 68/1 ബിയിൽ 69 പേരും സർവ്വേ നമ്പർ 90 pt-യിൽ 33 പേരും ഉൾപ്പെടെ 102 പേർ പട്ടാളക്കാരും, സർവ്വേ നമ്പർ 68/1 ബിയിൽ 182 പേരും സർവ്വേ നമ്പർ 90 pt-യിൽ 107 പേരും ഉൾപ്പെടെ 289 പേർ പട്ടികജാതി/പട്ടികവർഗ്ഗ/ജനറൽ വിഭാഗത്തിൽപ്പെട്ടവരുമായിരുന്നു. പതിവ് ലഭിച്ച പട്ടാളക്കാരടക്കമുള്ളവർ ഭൂമി കൈവശം വയ്ക്കാതിരുന്നതിനാൽ കാലക്രമേണ ടി ഭൂമി മറ്റ് പലരും കയ്യേറി വീട് വച്ചും കൃഷി ചെയ്തും കൈവശം വച്ച് വരുന്നു. ചില കൈവശക്കാർ പതിവ് ലഭിച്ചവരിൽ നിന്ന് ആധാരം വഴി ഭൂമി കൈമാറി ലഭിച്ചിട്ടുള്ളവരാണ്. ഭൂമി കൈവശം വച്ച് വരുന്നവരിൽ പതിവ് ലഭിച്ച ചിലരുടെ അനന്തരവകാശികളും ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ നൂറ് കണക്കിന് ആളുകൾ പതിവ് ലഭിച്ച ഭൂമിയിൽ താമസിച്ചും കൃഷി ചെയ്തും കൈവശം വച്ച് വരുന്നു. ടി ഭൂമിയ്ക്ക് പട്ടയം ലഭിക്കാനായി ഇവർ അപേക്ഷ സമർപ്പിച്ചിരുന്നു.

2. വിഷയം സംബന്ധിച്ച് വയനാട് ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ യഥാക്രമം പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മാനന്തവാടി താലൂക്കിലെ തവിഞ്ഞാൽ വില്ലേജ് റീസർവ്വേ കഴിയാത്ത വില്ലേജാണ്. വില്ലേജ് ഓഫീസിലെ ട്രീ രജിസ്റ്റർ പ്രകാരം, 1964-'71 കാലഘട്ടത്തിൽ പട്ടാളക്കാരടക്കമുള്ളവർക്ക് പട്ടയം നൽകിയിരുന്ന

മേൽപ്പറഞ്ഞ ഭൂമിയിൽ ഈട്ടി അടക്കമുള്ള 3614 സംരക്ഷിത മരങ്ങൾ (Reserved Trees) ഉണ്ടായിരുന്നു. ഈ മരങ്ങളിൽ ഭൂരിഭാഗവും പിന്നീട് നഷ്ടപ്പെട്ടിരുന്നു. മരം നഷ്ടപ്പെട്ടതായി കണ്ടെത്തിയതിനെ തുടർന്ന് ക്രൈംബ്രാഞ്ച് CBCID-Cr.53/CR/OCW-IV/KNR/2017 u/s 379 IPC നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരികയാണ്. നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകണമെങ്കിൽ 1964 ലെ കേരള ഭൂമി പതിവ് ചട്ടം സെക്ഷൻ 8(3) പ്രകാരം പലരുടെയും മുൻപതിവ് റദ്ദ് ചെയ്യേണ്ടതുണ്ട്. എന്നാൽ പട്ടാളക്കാരിൽ പലർക്കും ഭൂമി പതിച്ച നൽകിയത് ഓഫീസ് വിലാസങ്ങളിലാണ്. പതിവ് ലഭിച്ചവർ ടി സ്ഥലത്ത് താമസിക്കാത്തതും അവരുടെ മറ്റ് വിലാസം ലഭ്യമല്ലാത്തതും ആകുന്നു. പതിവ് നൽകിയ ഭൂമിയിൽ ഉണ്ടായിരുന്നതും പട്ടയത്തിൽ രേഖപ്പെടുത്തിയതുമായ നഷ്ടപ്പെട്ട റിസർവ് മരങ്ങളുടെ ബാധ്യത നിർണ്ണയിച്ച് ആയതിന്റെ വില ഈടാക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഏത് സമയത്ത് ആരുടെ കൈവശത്തിലുള്ള ഭൂമിയിൽ നിന്നാണ് മരങ്ങൾ നഷ്ടപ്പെട്ടതെന്ന് കണ്ടെത്തിയാൽ മാത്രമേ മരങ്ങളുടെ ബാധ്യത നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. റീസർവ്വെ കഴിയാത്ത വില്ലേജായതിനാലും പട്ടയ ഫയലുകളിൽ പതിവ് നൽകിയ ഭൂമിയുടെ പട്ടയ സ്കെച്ച് ലഭ്യമല്ലാത്തതിനാലും പട്ടയ ഭൂമി കൈമറിഞ്ഞും കയ്യേറിയും ചെറിയ വിസ്തീർണ്ണമുള്ള കൈവശങ്ങളായിട്ടാണ് നിലവിൽ കാണുന്നത്. ഇക്കാരണങ്ങളാൽ നഷ്ടപ്പെട്ട മരങ്ങളുടെ ബാധ്യത നിലവിലെ കൈവശക്കാരിൽ തിട്ടപ്പെടുത്താൻ പ്രയാസമാണെന്നാണ് ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. തങ്ങൾക്കു ഭൂമി ലഭിക്കുന്നതിന് മുമ്പേ തന്നെ മരങ്ങൾ നഷ്ടപ്പെട്ടതാണെന്നും സംരക്ഷിത മരങ്ങളിൽ പലതും പ്രകൃതിക്ഷോഭ ഫലമായും ഉണങ്ങിയും മറ്റ് കാരണങ്ങളാലും ദ്രവിച്ച് പോയിട്ടുള്ളതിനാലും പട്ടയ ഉടമകളായ ആദിവാസികളിൽ പലരും മരങ്ങൾ നഷ്ടപ്പെട്ട വിവരം യഥാസമയം ബന്ധപ്പെട്ട അധികാരികളെ അറിയിക്കാതെ പോയിട്ടുള്ളതിനാലും അവയെല്ലാം തന്നെ അതാത് പട്ടയങ്ങളിൽ ബാധ്യതയായി നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത മരങ്ങളുടെ ബാധ്യത ഒഴിവാക്കി പട്ടയം നല്കണമെന്നാണ് നിലവിലെ കൈവശക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. പട്ടാളക്കാർക്ക് പതിവ് കൊടുത്തിരുന്നതും നിലവിൽ മറ്റുള്ളവർ കയ്യേറി താമസിക്കുന്നതുമായ പട്ടയ ഭൂമിയിൽ നിന്നും ഏകദേശം രണ്ടായിരത്തോളം റിസർവ്വ് മരങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളതായാണ് കണക്കാക്കിയിട്ടുള്ളത്. കൃത്യമായ സർവ്വേ നടത്തി നിലവിലുള്ള മരങ്ങളുടെ വിവരം ശേഖരിച്ചാൽ മാത്രമേ നഷ്ടപ്പെട്ട മരങ്ങളുടെ കൃത്യമായ കണക്ക് കണ്ടെത്താൻ സാധിക്കുകയുള്ളൂ. തവിഞ്ഞാൽ വില്ലേജിൽ 68/1B, 90/പാർട്ട് എന്നീ സർവ്വെ നമ്പറുകളിൽപ്പെട്ട മക്കിമല പ്രദേശത്തെ റവന്യൂ ഭൂമിയിൽ നിന്നും ഈട്ടി മരങ്ങൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് കേസെടുത്ത് അന്വേഷണം നടത്തി വരുന്നു. നഷ്ടപ്പെട്ട മുതൽ, കൈവശ വ്യക്തി എന്നിവ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാകണമെങ്കിൽ ഓരോ വ്യക്തിയുടെയും കൈവശ ഭൂമി വിശദമായി സർവ്വെ നടത്തി അതിർത്തി നിർണ്ണയം നടത്തേണ്ടതുണ്ടെന്നാണ് ക്രൈംബ്രാഞ്ചിന്റെ നിഗമനം. നിരപരാധികളായ കൈവശക്കാരുടെ പേരിൽ ഭൂസംരക്ഷണ നിയമ പ്രകാരം കേസുകൾ എടുക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് പതിവ് ഭൂമിയിൽ നിന്നും നഷ്ടപ്പെട്ട റിസർവ് മരങ്ങളുടെ ബാധ്യത സംബന്ധിച്ച് തീരുമാനം ഉണ്ടാകേണ്ടതുണ്ടെന്നാണ് വയനാട് ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

3. മേൽപ്പറഞ്ഞ ഭൂമി നിയമാനുസൃതം കൈമാറി ലഭിച്ച പട്ടിക വർഗ്ഗക്കാർ അടക്കമുള്ള ആളുകൾ തങ്ങളുടെ ഭൂമി വിൽപന നടത്തി രജിസ്ട്രേഷൻ ആവശ്യത്തിനായി സബ് രജിസ്ട്രാർ ഓഫീസിൽ സമർപ്പിക്കാൻ തണ്ടപ്പേർ സർട്ടിഫിക്കറ്റിന് വില്ലേജാഫീസിൽ അപേക്ഷ

സമർപ്പിക്കുമ്പോൾ ഇത്തരം ഭൂമി നേരിൽ പരിശോധിക്കുകയും ബന്ധപ്പെട്ട പട്ടയത്തിൽ പറയുന്ന സംരക്ഷിത മരങ്ങൾ ടി സ്ഥലത്ത് നിലവിലുണ്ടോ എന്ന് പരിശോധിക്കുകയും, വിൽപന നടത്താൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ പട്ടയത്തിലെ മരങ്ങൾ നഷ്ടപ്പെടാതെ നിലവിൽ ഉണ്ടെങ്കിൽ തണ്ടപ്പേർ സർട്ടിഫിക്കറ്റ് നൽകുകയും ടി ഭൂമിയുടെ പോക്ക് വരവ് ചെയ്ത് നൽകുകയും ചെയ്യുകയാണ് നിലവിൽ സ്വീകരിച്ചു വരുന്നത്. പോക്ക് വരവ് ചെയ്ത് നൽകാനുള്ള അപേക്ഷയിൻമേൽ പരിശോധന സമയത്ത് പട്ടയത്തിൽ സൂചിപ്പിച്ച സർക്കാർ മരങ്ങൾ സ്ഥലത്ത് നിലവിലില്ലെങ്കിൽ ഇത്തരം പോക്ക് വരവുകൾ അനുവദിച്ച് നൽകാറില്ല. കൈവശ ഭൂമിക്ക് ആധാരം/പട്ടയം ഉള്ള പരാതിക്കാരടക്കമുള്ള കൈവശക്കാരിൽ ഭൂനികുതി സ്വീകരിച്ചു വന്നവരിൽ നിന്നും തുടർന്നും ഭൂനികുതി സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ കൈവശ ഭൂമി വിൽപ്പന നടത്തി പുതിയ കൈവശക്കാരൻ പോക്കുവരവ് ചെയ്യാൻ സമീപിക്കുമ്പോൾ ടി ഭൂമി നേരിൽ പരിശോധിക്കുകയും പട്ടയത്തിൽ കാണിച്ച മരങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്തതിന് ശേഷമേ പോക്കുവരവ് ചെയ്തു നൽകുന്നുള്ളൂ. സ്ഥലപരിശോധനയിൽ റിസർവ്വ് ചെയ്ത മരങ്ങൾ നഷ്ടപ്പെട്ടതായി കാണുകയാണെങ്കിൽ നിലവിലെ കൈവശക്കാർ നഷ്ടപ്പെട്ട മരത്തിന്റെ വില ഒടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ മാത്രമാണ് അത്തരം ഭൂമികളുടെ പോക്കുവരവ് ചെയ്ത് നൽകാത്തത്. പട്ടിക വർഗ്ഗക്കാരും ജനറൽ വിഭാഗത്തിൽപ്പെട്ടവരും ഉൾപ്പെടെ നൂറിലധികം കൈവശക്കാർ ടി ഭൂമിയിൽ നിലവിൽ വീട് വെച്ചും കൃഷി ചെയ്തും കൈവശം വച്ചും വരുന്നുണ്ട്. ഇവർക്ക് പട്ടയം നൽകണമെങ്കിൽ മുമ്പ് നൽകിയ പതിവ് റദ്ദ് ചെയ്ത് കൃത്യമായി സർവ്വേ ചെയ്ത് സ്കെച്ച് തയ്യാറാക്കേണ്ടതുണ്ട്. പതിവ് ഭൂമിയിൽ നിന്ന് നഷ്ടപ്പെട്ട സർക്കാർ സംരക്ഷിത മരങ്ങളുടെ ബാധ്യത നിലവിലെ ഏത് കൈവശക്കാരനിൽ ചുമത്തും എന്ന് കൃത്യമായി മേൽ കാരണങ്ങളാൽ തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. ഇക്കാരണത്താലും മരം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം നിലവിലുള്ളതിനാലുമാണ് നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകാനും ഭൂമി കൈമാറി ലഭിച്ചവർക്ക് പോക്കുവരവ് ചെയ്ത് ഭൂനികുതി സ്വീകരിക്കാനും സാധിക്കാതിരുന്നത്. പട്ടയമോ നിയമാനുസൃതമായി കൈമാറി കിട്ടിയ ആധാരമോ ഉള്ള കേസുകളിൽ പട്ടിക വർഗ്ഗക്കാരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാതിരിക്കുന്നില്ല. എന്നാൽ ഇത്തരം ഭൂമികളിൽ സംരക്ഷിത മരങ്ങൾ പരിശോധനയിൽ നഷ്ടപ്പെട്ടതാണെങ്കിൽ ഭൂമിയുടെ തുടർന്നുള്ള കൈമാറ്റവും പോക്കുവരവും തടയപ്പെട്ടിട്ടുണ്ട്. വിഷയം സംബന്ധിച്ച് ചേർന്ന ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥരുടേയും റവന്യൂ ഉദ്യോഗസ്ഥരുടേയും ജില്ലാതല യോഗ തീരുമാന പ്രകാരം, നഷ്ടപ്പെട്ട സർക്കാർ മരത്തിന്റെ ബാധ്യത നിലവിലെ സാഹചര്യത്തിൽ തിട്ടപ്പെടുത്താൻ സാധിക്കില്ല എന്നും വിശദമായ സർവ്വേ നടത്തിയാലും നിലവിലെ കൈവശക്കാരിൽ ആരുടെ കൈവശത്തിലുള്ള ഭൂമിയിലാണ് നഷ്ടപ്പെട്ട മരം ഉണ്ടായിരുന്നത് എന്ന് നിശ്ചയിക്കാൻ കഴിയില്ല എന്നും വ്യക്തമാക്കിയിരുന്നു. മുമ്പ് പട്ടയം അനുവദിച്ചയാളുകൾ ടി സ്ഥലം കൈവശം വയ്ക്കുകയോ താമസിക്കുകയോ ചെയ്യാത്തതിനാലും 1964-'71 കാലഘട്ടത്തിൽ പതിച്ച് നൽകിയ ഭൂമിയുടെ സ്കെച്ച് ലഭ്യമല്ലാത്തതിനാലും മരം നിന്നിരുന്ന ഭൂമി ഇപ്പോഴത്തെ സാഹചര്യത്തിൽ കണ്ടെത്താൻ സാധിക്കില്ല എന്നും ടി യോഗം വിലയിരുത്തിയിരുന്നു. ഈ വിഷയത്തിന് ശാശ്വത പരിഹാരം ഉണ്ടാകണമെങ്കിൽ നഷ്ടപ്പെട്ട സംരക്ഷിത മരങ്ങളുടെ ബാധ്യത സർക്കാർ പൂർണ്ണമായി ഒഴിവാക്കി നൽകുകയോ ക്രൈംബ്രാഞ്ച് അന്വേഷണത്തിലെ അന്തിമ റിപ്പോർട്ടിന് വിധേയമായി നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകാൻ ഉത്തരവാകുകയോ ചെയ്യേണ്ടതുണ്ട് എന്നും ടി യോഗം അറിയിച്ചിരുന്നു. കൂടാതെ വിശദമായ സർവ്വേ നടത്തി സ്കെച്ച് തയ്യാറാക്കി നിലവിലുള്ള കൈവശക്കാരിൽ ആരുടെയെല്ലാം കൈവശ ഭൂമിയിലാണ് നിലവിൽ സംരക്ഷിത മരങ്ങൾ

നിലവിലുള്ളത്/നഷ്ടപ്പെട്ടത് എന്ന് കണ്ടെത്തി നടപടി സ്വീകരിയ്ക്കുന്നതായിരിയ്ക്കും ഉചിതമെന്നും ആയതിലേയ്ക്കായി പ്രത്യേക സർവ്വെ ടീമിനെ നിയോഗിക്കണമെന്നും ജില്ലാ കളക്ടറും റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ, വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ തവിഞ്ഞാൽ വില്ലേജിലെ മക്കിമല പ്രദേശത്തെ 68/1 ബി, 90/pt എന്നീ സർവ്വെ നമ്പറുകളിലെ കൈവശക്കാരുടെ അർഹത, 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച്, അർഹത സംബന്ധിച്ച പട്ടിക തയാറാക്കി അതിന്റെ അടിസ്ഥാനത്തിൽ മരം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട കേസിന്റെ വിധിക്കനുസൃതമായി ഉചിതമായ തീരുമാനം ഉണ്ടാകുമെന്ന വ്യവസ്ഥയിൽ അർഹരായവർക്ക് നഷ്ടപ്പെട്ട മരങ്ങളുടെ ബാധ്യത ഒഴിവാക്കി പട്ടയം നൽകാൻ വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. വിഷയത്തിൽ നിയമാനുസൃത തുടർ നടപടികൾ വയനാട് ജില്ലാ കളക്ടർ കൈക്കൊള്ളേണ്ടതും, നടപടി സംബന്ധിച്ച റിപ്പോർട്ട് സമയബന്ധിതമായി സർക്കാരിന് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്.
ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
റവന്യൂ (ആർ) വകുപ്പ് (Vide File No. REV-R1/11/2023-REV).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Priya Vincent
സെക്ഷൻ ഓഫീസർ
Date: 27-05-2025 11:04:06

പകർപ്പ്:-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.